"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് - 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.13 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.599/2025/LSGD തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 27.03.2022 ലെ പി എ എൻ/1659/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15.02.2024 ലെ ഡി.കെ.എസ്.എ 1045/പി.റ്റി2/2023 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ഉല്പാദനപരമല്ലാത്ത ക്യാമ്പുകൾ എന്ന വിഭാഗത്തിൽ പെടുത്താവുന്ന നാടകകളരിയ്ക്കും പ്രവർത്തി പരിചയമേളയ്ക്കുമായി ചെലവഴിച്ച **55,390/-**രൂപ പരാമർശ പദ്ധതികൾ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതിനാൽ **2010-11, 2011-12** വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3-13** പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

**2.**തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ പരാമർശ പദ്ധതി മൂലം വിദ്യാർത്ഥികളുടെ വിവിധ മേഖലകളിലെ കഴിവുകൾ കണ്ടെത്തി മികവ് വർദ്ധിപ്പിക്കാനും തന്മൂലം പാഠ്യ പാഠ്യേതര മേഖലകളിലെ കഴിവുകൾ വികസിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടെന്നും സദുദ്ദേശ്യത്തോടെ നടപ്പാക്കിയ പദ്ധതിയിൽ ധനദുരുപയോഗം നടന്നിട്ടില്ലെന്നു ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ചെലവഴിച്ച തുകയ്ക്ക് സാധൂകരണം ലഭ്യമാക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാൻ കണ്ണൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം **(1)** പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3.കുട്ടികൾക്കായി സദുദ്ദേശ്യപരമായി നടപ്പിലാക്കിയ പദ്ധതിയായതിനാലും ധനദുർവിനിയോഗം നടന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ചെലവിന് സാധൂകരണം നൽകുന്നതിന് ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതി അനുകൂല ശിപാർശ നൽകിയിട്ടുള്ളതിനാലും മേൽ ചെലവിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2010-11 & 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-13 പ്രകാരം തടസ്സപ്പെടുത്തിയ 55,390/- രൂപയുടെ (അമ്പത്തി അയ്യായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/18/2023-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 04-03-2025 14:17:07